# Kalpathy Struggles and flag hoisted Ezhavas

**Suja KS**

Early decades of $20^{th}$ century brought remarkable changes in the economic and social sphere of Kerala. Missionary schools provided education to lower caste people. Newly educated lower caste had liberated from their hereditary  profession.in addition to that lower caste people could able to cultivate on pandara patta land and acquire wealth out of it. Even if the financial position of lower caste had improved, caste discrimination existed here in Kerala had forbaded them from acquiring social status. This situation paved back ground for the emergence of anti-caste struggles in Kerala. Vaikoom Satyagriha. Kalpathy agitation are few of its kind Kerala had witnessed a series of anti-caste, anti-Brahmin agitation from the first half of 20th century itself. Progressive ideas spread among the affluent and educated Ezhavas of Kuzhalmandam region of Palakkad had initiated the Kalpathy struggles. Social activism of Ezhavas Sabhas in the region and reformist ideas of Anandamatham under Brahmananda Sivayogi Were driving forces for the growth of this movement. Ezhava youths with the support of Arya samaj went for entry at the roads near to Kalpathy Viswanatha temple, which invited clashes and tortures for them. Since all the roads adjacent to Kalpathy temple was opened before Christians and Muslims, non-caste Hindus and Ezhavas decided to abdicate their own religion Hinduism and to accept Islam and Christianity to enter in the temple premises

**Key words:** Kalpathy Viswanatha Temple, Agraharam, Low caste Hindus, Ezhava, Kuzhal Mandam, Palakkad, Arya Samajam, Caste Discrimination, Brahmin, Christian, Muslim.

## Reference:

B, J. (2019). *Nooru Simhasanangal.* Kottayam: DC Books.

Boban, M. (2016). Nagaram Pinnitta Naalvazhikal. In P. M. Secratary, *Souvanier.* Palakkad: Palakkad Muncipality.

Calicut, R. A. (2025). *Kalpathi files.* Calicut: Regional Archives.

EK, C. (2024). *Palakkadinte Sammoohya Charithram in Nadunarthiya.* Palakkad: Rose Publication.

Kannadi, R. (2024, March 03). interview. (S. KS, Interviewer)

KS, R. (2024, August 6). Kshetra praveshana vilambharam punar vazhikkapedumbol. *Matrubhumi Sunday Suppliment*, p. 3.

Leji, K. (2024). *Naadunarthiya Palakkadan Poralikal.* Palakkad: Rose Publication.

Mattumantha, B. (2024, March 20). interveiw. (S. KS, Interviewer)

P, G. (2023, August). *Kerala Navodhanam Oru Marxist Verkshanam.* Thiruvanathapuram: Chinta Publishers.

P, K. (1988). *Ethirppu.* Thiruvanathapuram: Prabhath Book House.

VS, V. (2024, March 03). interview. (S. KS, Interviewer)

**Suja KS**
Associate Professor
Department of History
NMSM Government College Kalpetta
Puzhamudi PO
Pin: 673122
India
Email: kssuja882@gmail.com
Ph: +91 8606177061
ORCiD: 0009-0003-0572-207X

# കൽപ്പാത്തി സമരങ്ങളും കൊടികെട്ടിയ ഈഴവരും

**ഡോ.സുജ കെ.എസ്**

സവർണ്ണാധിപത്യത്തിനും ജാതിവ്യവസ്ഥക്കുമെതിരെ കേരളത്തിലാകമാനം പ്രതിരോധങ്ങളുയർന്നിരുന്നു. പാലക്കാട്ടെ കുഴൽമന്ദത്തിനടുത്തുള്ള പ്രദേശങ്ങളിലുള്ള സമ്പന്ന ഈഴവ യുവാക്കൾക്കിടയിൽ നവോത്ഥാനചിന്ത ഉടലെടുക്കുകയും അത് ജാതിവിരുദ്ധ സമരങ്ങൾക്ക് വഴിതെളിയിക്കുകയും ചെയ്തു. ആ പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രചരണം, ആനന്ദമതത്തിന്റെ സ്വാധീനം, ഈഴവ സഭകളുടെ പുരോഗമനാത്മക പ്രവർത്തനങ്ങളും ഈ ചിന്തയ്ക്ക് ഊർജ്ജം പകർന്നു. അവർ കൽപ്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രത്തിന് മുന്നിലൂടെയുള്ള അഗ്രഹാരവീഥിയിൽ പ്രവേശിക്കാൻ ശ്രമിക്കുകയും കടുത്ത പീഡനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു. മുസ്ലീംങ്ങൾക്കും ക്രിസ്ത്യാനികൾക്കും സഞ്ചാരസ്വാതന്ത്ര്യമുള്ള അഗ്രഹാരവീഥികളിൽ ഈഴവർക്കും മറ്റ് അവർണ്ണർക്കും പ്രവേശനം നിഷേധിച്ചത് വലിയ പ്രതിഷേധങ്ങൾക്ക് ഇടയാക്കുകയും ഈഴവ യുവാക്കൾ കല്പാത്തി പ്രവേശനം സ്വപ്നം കണ്ട് സ്വന്തം മതം ഉപേക്ഷിച്ച് ഇസ്ലാം മതവും, ക്രിസ്തു മതവും സ്വീകരിക്കുകയും ചെയ്തു.

**താക്കോൽവാക്കുകൾ:** കൽപ്പാത്തി, വിശ്വനാഥക്ഷേത്രം, അഗ്രഹാരം, അവർണ്ണർ, ഈഴവർ, കുഴൽമന്ദം, പാലക്കാട്, ആര്യസമാജം, ജാതിവിവേചനം, ബ്രാഹ്മണർ, ക്രിസ്ത്യൻ, മുസ്ലീം

**കൽപ്പാത്തി സമരവും ഈഴവരും**

1893 ൽ മഹാത്മ, അയ്യങ്കാളി വില്ലുവണ്ടി യാത്ര നടത്തിയ തിനുശേഷം പൊതു നിരത്തുകളിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യം ആവശ്യപ്പെട്ടുള്ള സമരങ്ങളുടെ വേലിയേറ്റം തന്നെയുണ്ടായിട്ട്. നെടു മങ്ങാട് ചന്ത സമരവും, കോഴിക്കോട് തളിക്ഷേത്ര സമരവും, വൈക്കം സത്യാഗ്രഹവും എല്ലാം നടന്നത് ഇതിനു ശേഷമാണ്. എന്നാൽ ഇന്ത്യയിലാകമാനം ശ്രദ്ധിക്കപ്പെട്ട ഏക സമരം വൈക്കം സത്യാ ഗ്രഹം മാത്രമായിരുന്നു. ഏതാണ്ടിതേ കാലത്ത് മലബാറിലെ പാല ക്കാട് കൽപ്പാത്തിയിൽ നടന്ന സമരവും തിരുവിതാംകൂറിലെ ശുചീ ന്ദ്രത്ത് നടന്ന സമരവും സമാനസ്വഭാവമുള്ളതായിരുന്നുവെങ്കിലും ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയി.

**കൽപാത്തി സമരങ്ങളുടെ ബൗദ്ധിക പശ്ചാത്തലം**

പാലക്കാട് ജില്ലയിലെ കൽപാത്തിയിലുള്ള തമിഴ് ബ്രാഹ്മ ണരുടെ അഗ്രഹാരത്തിലെ വിശ്വനാഥസ്വാമി ക്ഷേത്രത്തിൽ എല്ലാ വർഷവും നവംബർ മാസത്തിൽ രഥോത്സവം നടത്താറുണ്ടായിരു ന്നു. അഗ്രഹാര വീഥികൾ അഹിന്ദുക്കളായ ക്രിസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കും തുറന്നു കൊടുത്തിരുന്നു. എന്നാൽ അവർണ ഹിന്ദു ക്കൾക്ക് അഗ്രഹാര വീഥികളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. ഈ അനീതിക്കെതിരെ പൊരുതിയത് പാലക്കാട് ജില്ലയിലെ തച്ചങ്കോ ട്, കൊടുവായൂർ, കറിപ്പോട്ടിൽ കണ്ണംകോട്ടുകാർ, കുഴൽമന്ദം നൊച്ചു ള്ളിക്കാർ കണ്ണന്ര്പ ചൂർനൂർക്കണ്ടി വീട്ടുകാർ മുതലായ പ്രമാണി ഈഴവ കുടുംബങ്ങളായിരുന്നു. സാമ്പത്തിക ശേഷിയും ഐക്യ ബോധവും കൈമുതലായി ഉള്ളതായിരുന്നു ഈഴവ കുടുംബങ്ങ ളുടെ ശക്തി.

കൊടിയ ജാതീയത നിലനിന്നിരുന്ന കാലത്ത് ക്ഷേത്രത്തിൽ പ്രവേശിക്കാനോ, ക്ഷേത്രകലകൾ അഭ്യസിക്കാനോ അവർണർക്ക് കഴിയുമായിരുന്നില്ല. എന്നാൽ പാലക്കാട്ടെ കൊട്ടേക്കാട് മുക്രങ്കാട് ഈഴവ തറവാട്ടുകാർ കഥകളി പഠിച്ച് മുക്രങ്കാട് ചാമുവിന്റെ നേതൃ ത്വത്തിൽ അരങ്ങേറി. കളിക്കോപ്പുകൾ, ചെണ്ട എന്നീ ഉപകരണ ങ്ങൾ ഇവർക്ക് സ്വന്തമായി ഉണ്ടായിരുന്നു. സംഘത്തിലെ 15 പേർ ഈഴവരായിരുന്നു. 2 പേർ നായന്മാരും. 80 വർഷം മുൻപ് നടന്ന ഈ സാംസ്കാരിക ഉദ്യമം പാലക്കാട്ടെ ഈഴവർക്കിടയിൽ സാമൂ ഹ്യപരിഷ്കരണ ചോദന വളർത്തി.

**കുഴൽമന്ദത്തെ വിദ്യാഭ്യാസ പുരോഗതിയും ഈഴവരും**

പാലക്കാട്ടെ ഈഴവർ കടുത്ത ജാതി പീഢനങ്ങൾ സവർണ്ണ

രിൽ നിന്നും നേരിട്ടിരുന്നു. പ്രധാനമായും സഞ്ചാര സ്വാതന്ത്ര്യമില്ലായ്മ, വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശമില്ലായ്മ എന്നിവയാണ് അവ. 19-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ കുഴൽമന്ദത്തും പരിസര പ്രദേശങ്ങളിലും സാമൂഹ്യ അസമത്വങ്ങൾക്കെതിരെയുള്ള ചിന്തകൾ ഉരുത്തിരിഞ്ഞു വരാൻ തുടങ്ങിയിരുന്നു. വിദ്യാഭ്യാസത്തിന്റെ കുറവ് ഒരു വലിയ പ്രതിബന്ധമായി അവർക്കു തോന്നി. ഈഴവസഭ പുറത്തു വിട്ട കണക്കു പ്രകാരം പാലക്കാട് താലൂക്കിൽ, 1931 ൽ പോലും സമുദായത്തിൽ നിന്ന് പത്തുപേർക്ക് മാത്രമാണ് സർവ്വകലാശാല ബിരുദം നേടാൻ കഴിഞ്ഞിരുന്നത്. (നാടുണർത്തിയ പാലക്കാടൻ പോരാളികൾ പുറം 35) ജാതിനിയമങ്ങൾക്കനുസൃതമായി അകലം പാലിച്ച് എഴുത്തു പള്ളിക്കൂടങ്ങളുടെ പുറത്ത് നിന്ന് കേട്ടു പഠിക്കാൻ ധനിക ഈഴവ കുടുംബങ്ങളിലെ കുട്ടികളെ അനുവദിച്ചിരുന്നു. ബാങ്കുകളോ മറ്റു നിക്ഷേപ സ്ഥാപനങ്ങളോ ഇല്ലാതിരുന്നതിനാൽ വീട്ടിൽ സൂക്ഷിച്ചുവെയ്ക്കുന്ന സമ്പാദ്യം ഒരു കോടി കവിയുമ്പോൾ ആ വീടിന് മുകളിൽ ഒരു കൊടി കെട്ടുന്ന സമ്പ്രദായം ഉണ്ടായിരുന്നു. എന്നാൽ ഇങ്ങനെ കൊടികെട്ടിയ ഈഴവർക്കും വിദ്യ അഭ്യസിക്കാനുള്ള (പഠിക്കാനുള്ള) അവസരമില്ലായിരുന്നു.

ഈയവസരത്തിൽ ഈഴവ കുടുംബങ്ങളിലെ കുട്ടികളെ പഠിപ്പിക്കാൻ കണ്ണന്നൂരിലെ പണിക്കത്തൊടിക പണിക്കൻമാർ മുന്നോട്ടു വന്നു. പണിക്കന്മാരിൽ നിന്ന് വിദ്യാഭ്യാസം സിദ്ധിച്ച പലരും കുഴൽമന്ദം ഭാഗങ്ങളിൽ അധ്യാപകരായി സേവനമനുഷ്ഠിച്ചു. അമ്പാട്ടെ കേലൻമാഷും അഞ്ചുകുളങ്ങരയിലെ മുത്തുമാഷ്, പെരുംകുളങ്ങരയിലെ തമ്പുമാഷ് എന്നിവരാണ് ഈ വിഭാഗത്തിൽ ആദ്യത്തേത്. ഇവരുടെ നേതൃത്വത്തിൽ 1915 മുതൽ 1935 വരെയുള്ള കാലഘട്ടത്തിൽ പുളിയപ്പൻതൊടി, വീശലം പല്ലഞ്ചാത്തന്നൂർ, ചുങ്കമന്ദം, തണ്ണീരങ്ങാട്, നൊച്ചുള്ളി, കൊളവൻമുക്ക് തുടങ്ങിയ ഇടങ്ങളിലെല്ലാം വിദ്യാലയങ്ങൾ ആരംഭിച്ചു. ആദ്യകാലങ്ങളിൽ ഇവ ഏകാധ്യാപക വിദ്യാലയങ്ങൾ ആയിരുന്നുവെങ്കിലും പിന്നീട് അത് വളർന്ന് വികസിച്ചു മേന്മയേറിയ വിദ്യാകേന്ദ്രങ്ങളായി മാറി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞതോടെ സാമൂഹ്യ അസമത്വങ്ങൾ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത കുഴൽമന്ദം പ്രദേശത്തെ ഈഴവർ മനസ്സിലാക്കി.

**സൈദ്ധാന്തിക പശ്ചാത്തലം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശകങ്ങൾ കേരളീയ സമ്പദ് വ്യവസ്ഥയിൽ ചില കാതലായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹി

ക്കുകയുണ്ടായി. പാട്ട വിളംബരങ്ങൾ വഴി പണ്ടാരഭൂമി താണ ജാതിക്കാർക്ക് പാട്ടത്തിനെടുത്ത് കൃഷി ചെയ്യാനായതും മിഷനറി സ്കൂളുകൾ ഉണ്ടായതും കുലത്തൊഴിലിൽ നിന്ന് താണജാതിക്കാരുടെ കുട്ടികൾ മോചിതരായതും കേരളീയ സമൂഹത്തിൽ ഒരു മധ്യവർഗ്ഗം രൂപീകരിക്കാൻ ഇടയാക്കി. താണജാതിക്കാരിൽ അഭ്യസ്തവിദ്യരുണ്ടായി എന്നത് മാത്രമല്ല സാമ്പത്തിക വളർച്ച നേടിയവരും ഉണ്ടായി. പക്ഷെ കേരളത്തിൽ നിലനിന്നിരുന്ന ജാതി വ്യവസ്ഥ സാമൂഹ്യ പദവി നേടിയെടുക്കുന്നതിൽ നിന്ന് അവരെ തടഞ്ഞു. കേരളത്തിലെ മധ്യ വർഗ്ഗ സമൂഹം ജാതി വിരുദ്ധ പ്രക്ഷോഭങ്ങളിലേക്ക് നീങ്ങിയ സാഹചര്യം ഇതായിരുന്നു. കേരളത്തിലെ ജാതി വ്യവസ്ഥ ശരീരത്തിന്റെ അശുദ്ധിയെ പ്രഖ്യാപിക്കുന്നതായതിനാൽ അശുദ്ധ ശരീരങ്ങൾ എവിടെ നടക്കണം, എങ്ങനെ നടക്കണം, എന്തു ധരിക്കണം എന്ന് മേൽ ജാതിക്കാർ തീരുമാനിക്കുന്ന നിലയിൽ നിന്ന് സ്വന്തം ശരീരത്തിനു മേൽ അവകാശം നേടിയെടുക്കാനും, ആ ശരീരങ്ങൾക്ക് സഞ്ചരിക്കാൻ സഞ്ചാര സ്വാതന്ത്ര്യം നേടിയെടുക്കാനും ഒരുപാട് സമരങ്ങൾ വേണ്ടി വന്നു. മഹാത്മാ അയ്യങ്കാളിയുടെ അസ്പർശ്യ ശരീരത്തിന്റെ രാഷ്ട്രീയം ഈ സാഹചര്യത്തിലാണ് വളർന്നു വന്നത്. പാർശ്വവൽക്കരിക്കപ്പെട്ട ശരീരത്തെ രാഷ്ട്രീയ പ്രതിരോധത്തിനുള്ള ഉപകരണമാക്കി മാറ്റാൻ അദ്ദേഹം വില്ലുവണ്ടി സമരം നയിച്ചു. സവർണ്ണർക്കു വേണ്ടിയുള്ള നിരത്തിലൂടെ സവർണ്ണരുടെ വസ്ത്രങ്ങൾ അണിഞ്ഞ് വില്ലുവണ്ടി ഓടിച്ചപ്പോൾ ദളിതർക്ക് മനുഷ്യരെന്ന നിലയിലുള്ള അന്തസ്സും സഞ്ചാര സ്വാതന്ത്ര്യവും ഉറപ്പിക്കുകയായിരുന്നു അദ്ദേഹം.

**ഈഴവസഭകൾ**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കടുത്ത അയിത്തവും ജാതിപിഢനവും നിറഞ്ഞതായിരുന്നു. തൊട്ടുകൂടായ്മയും അയിത്താചരണവും ബ്രാഹ്മണർ മാത്രം പാലിച്ചതായിരുന്നില്ല. ജാതി വ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് ആഘോഷിച്ച് ഉറപ്പിച്ചതാണ് കേരളത്തിലെ അയിത്താചരണം. മുകളിലുള്ളവരെ തൊഴുതുകൊണ്ട് താഴെയുള്ളവരെ തൊഴിക്കുക എന്നതായിരുന്നു അയിത്തത്തിന്റെ രീതിശാസ്ത്രം. ഈഴവരും തങ്ങൾക്ക് താഴെയുണ്ടായിരുന്ന ജാതിക്കാരോട് അയിത്തം പുലർത്തിയിരുന്നു. ഇങ്ങനെയുള്ള സമുദായത്തിന് ബ്രാഹ്മണരുടെ അയിത്തത്തിനോട് പ്രതികരിക്കാൻ അവകാശമില്ല എന്നു മനസ്സിലാക്കിയ പാലക്കാട്ടെ പുരോഗമനോത്സുകരായ ഈഴവയുവാക്കൾ സ്വജാതിയെ ശുദ്ധീകരിക്കാൻ വിവിധ ദേശസഭകൾ വിളിച്ച് കൂട്ടുകയും, വ്യത്യസ്തങ്ങളായ അനാചാരങ്ങൾ

നിർത്തലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

ആദ്യത്തെ ഈഴവസഭ ചേർന്നത് 1918ൽ ചെങ്ങണിയൂർ പാലക്കോട് കളത്തിലാണ്. ഈ സഭയിൽ വെച്ച് ഈഴവർ ആചരിച്ചുപോന്നിരുന്ന “കൂട്ടല”, സ്ത്രീകൾ കറുത്ത വസ്ത്രം ധരിക്കൽ മുതലായ ആചാരങ്ങൾ നിർത്തലാക്കി. മരണം അടിയന്തിരം മുതലായ സന്ദർഭങ്ങളിൽ ഒരിലയിൽ നിന്ന് മൂന്നിലധികം ആളുകൾ ചേർന്ന് ഭക്ഷണം കഴിക്കുന്ന രീതിയായിരുന്നു കൂട്ടല. സമുദായത്തിന്റെ ഐക്യം നിലനിർത്താനായിരുന്നു ഈ രീതി നടപ്പാക്കിയിരുന്നത്. ഇത് എതിർത്ത് ഒറ്റല സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയ മാന്യൻ ആയിരുന്നു നല്ലേപ്പിള്ളി നങ്ങാംകുറിശ്ശി തിത്തി. 1919 ലെ തേങ്കുറുശ്ശി സഭയിൽ വാഗ്ഭടാനന്ദൻ പങ്കെടുത്തിരുന്നു. വിവാഹത്തിന് വരന്റെ സഹോദരി താലികെട്ടുന്ന സമ്പ്രദായം ഈ സഭയിൽ വെച്ച് നിർത്തലാക്കി. 1923 മാർച്ച് 31 ന് ഒരു ഈഴവ മഹായോഗം പാണ്ടിയാട് കളത്തിൽ നടന്നു. കുഴൽമന്ദത്തായിരുന്നു യോഗത്തിന്റെ പ്രധാന ഓഫീസ് പ്രവർത്തിച്ചിരുന്നത്. ഈഴവ നവോത്ഥാനത്തിലെ ഒരു നാഴികക്കല്ലായിരുന്ന ഈ യോഗം ചില നിർണ്ണായക തീരുമാനങ്ങൾ കൈക്കൊണ്ടു. സമുദായനാമം തീയ്യർ എന്നാക്കാൻ അവർ തീരുമാനിച്ചു. ജനസംഖ്യ അനുസരിച്ച് സമുദായ പ്രാതിനിധ്യം ആവശ്യപ്പെടാൻ തീരുമാനിച്ചു. ജാതി ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിൽ ഈഴവർക്ക് പ്രവേശനം കിട്ടാത്തതിനാൽ അവിടെ ആരാധന നടത്തിക്കുകയോ ഉത്സവങ്ങളിൽ പങ്കു കൊള്ളുകയോ ചെയ്യരുതെന്ന് യോഗം തീരുമാനിച്ചു.

സ്ത്രീകൾ ഉൾപ്പെടെ രണ്ടായിരത്തലധികം പേരാണ് ഈ യോഗത്തിൽ പങ്കെടുത്തത്. പിന്നീട് സാമൂഹ്യപ്രവർത്തനങ്ങളിൽ സജീവമായ കണ്ടാത്തെ വേലായുധൻ, ജോൺകിട്ട, കെ ടി മാധവൻ, കെ എ വേലായുധൻ, ഡോ,തിത്തേലൻ തുടങ്ങിയവർ സാമൂഹ്യ മുന്നേറ്റ രംഗത്ത് സജീവമായത് ഈഴവ സഭകളുടെ പ്രവർത്തനങ്ങളിലൂടെയാണ്.

ദേശീയ പ്രസ്ഥാനത്തോടൊപ്പം വളർന്നു വന്ന അയിത്തോച്ചാടന പ്രസ്ഥാനം കുഴൽമന്ദത്തെ പുരോഗമനക്കാരായ യുവാക്കളെ കോൺഗ്രസ്സിലേക്കാകർഷിച്ചു. കെ.ടി മാധവൻ എന്ന ഫിലിപ്പും ജോൺ കിട്ടയും 1932 ൽ കോൺഗ്രസിൽ ചേർന്നു.

**ബ്രഹ്മാനന്ദ ശിവയോഗിയും ആനന്ദമതവും**

കുഴൽമന്ദം പ്രദേശങ്ങളിലെ ഈഴവ നവോത്ഥാനത്തിന് ജീവൻ പകരാൻ ഉള്ള ഒരു പ്രധാന പിൻബലമായിരുന്നു ബ്രഹ്മാ

നന്ദ ശിവയോഗിയുടെ ആശയങ്ങളും, അദ്ദേഹം സ്ഥാപിച്ച ആനന്ദ മതവും. 1893 ൽ ബ്രഹ്മാനന്ദശിവയോഗി ആലത്തൂരിൽ സിദ്ധാശ്രമം സ്ഥാപിച്ചു. ശിവയോഗിയുടെ ആനന്ദമതം യാഗം, വ്രതം, വിഗ്രഹാരാധന തുടങ്ങിയ പരമ്പരാഗത ഹിന്ദു വിശ്വാസങ്ങൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. ആലത്തൂർ, കുഴൽമന്ദം പ്രദേശങ്ങളിൽ ഒരുപാട് ഈഴവർ ആനന്ദമതത്തിന്റെ പ്രചാരകൻമാരായിരുന്നു, ആനന്ദമതവുമായുള്ള അടുപ്പം അവർക്കിടയിൽ നവോത്ഥാന ചിന്ത വളർത്തിയെടുക്കാൻ കാരണമായി. കടുവക്കാട്ടിൽ വേലായുധൻ ആനന്ദമതത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനാവുകയും ബ്രഹ്മാനന്ദശിവയോഗിയുടെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. കൂടാതെ കണ്ണാടിയിൽ ആനന്ദമതത്തിന്റെ ശാഖ സ്ഥാപിക്കുകയും തന്റെ കെട്ടിടവും സ്ഥലവും ആനന്ദ സമാജത്തിന് സംഭാവന നൽകുകയും ചെയ്തു.

**നായാടികളും ജാതീയ അസമത്വങ്ങളും**

കടുത്തജാതി പീഡനം നേരിടേണ്ടിവന്ന പാലക്കാട്ടെ അവർണർക്ക് പൊതുഇടങ്ങളായ കുളങ്ങളും, കിണറുകളും ഉപയോഗിക്കാനോ, സൈക്കിൾ മുതലായ വാഹനങ്ങൾ ഓടിക്കാനോ അവകാശമുണ്ടായിരുന്നില്ല. ഇത്തരം വിലക്കുകളെ അതിജീവിക്കാൻ മിശ്രഭോജനവും മിശ്രവിവാഹവും പ്രോത്സാഹിപ്പിച്ചത് പിന്നീട് മതം മാറി ജോൺ ആയി മാറിയ കിട്ടയായിരുന്നു. കണ്ണമ്പ്ര, ചൂർകുന്ന്, കുഴൽമന്ദം, മാത്തൂർ, തച്ചങ്കോട് തുടങ്ങിയ സ്ഥലങ്ങളിൽ മിശ്രഭോജനങ്ങൾ നടന്നു. (*നാടുണർത്തിയ പാലക്കാടൻ പോരാളികൾ* പുറം 59) ജാതിയിൽ തികച്ചും അധ:സ്ഥിതരായ നായാടിമാരെ സമൂഹത്തിന്റെ മുൻ നിരയിൽ കൊണ്ടുവരുന്നതിനായി നായാടി സദ്യനടത്തുകയും കൂടെ കഴിക്കുകയും ചെയ്തു. പ്രാകൃതാവസ്ഥയിൽ ജീവിതം നയിക്കുകയും ഉപജീവനമാർഗ്ഗമായി ഭിക്ഷാടനം നടത്തുകയും ചെയ്യ്തിരുന്നവരാണ് നായാടികൾ. ജയമോഹന്റെ *നൂറ് സിംഹാസനങ്ങൾ* എന്ന നോവലിൽ അദ്ദേഹം ഉദ്ധരിക്കുന്ന വരികൾ നായാടികളുടെ യഥാർത്ഥ ചിത്രം വരച്ചുകാട്ടുന്നതാണ്. “നായാടികൾ അലഞ്ഞുതിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽതന്നെ അയിത്തമാണ് എന്നാണ് വിശ്വാസം. അതുകൊണ്ട് പകൽവെട്ടത്ത് സഞ്ചരിക്കാനുള്ള അവകാശം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കുനേർ കണ്ടാൽ ഉടൻതന്നെ ഉയർന്ന ജാതികൾ ഒച്ചയും ബഹളവും ഉണ്ടാക്കി ആളെകൂട്ടി കല്ലെറിഞ്ഞ് കൊല്ലുകയാണ് പതിവ്. അതുകൊണ്ട് ഇവർ പകൽ മുഴുവൻ കാടിന്റെ ഉള്ളിൽ ചെടികളുടെ ഇടയ്ക്ക് കുഴിതോണ്ടി പന്നികളെപ്പോലെ ഒളിച്ചിരിക്കും. രാത്രി പുറ

ത്തിറങ്ങി ചെറുപ്രാണികളെയും പട്ടികളെയും നായാടി പിടിക്കും. ഇവർ മൂധേവിയുടെ അംശമുള്ളവരാണെന്ന വിശ്വാസമുള്ളതു കൊണ്ട് ഇവർക്കായി തവിട്, എച്ചിൽ, ചീത്തവസ്തുക്കൾ തുടങ്ങി യവ വീട്ടിൽ നിന്ന് വളരെ ദൂരെ കൊണ്ടുവെയ്ക്കുന്ന പതിവുണ്ട്. നായാടികളുടെ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നിരവധി സമര ങ്ങൾ ആനന്ദതീർത്ഥന്റെ നേതൃത്വത്തിൽ അരങ്ങേറുകയുണ്ടായി. ഇങ്ങനെ നായാടി സദ്യ നടത്തിയവരെ നായാടി കക്ഷിക്കാർ എന്ന് വിളിച്ചിരുന്നു. (*കേരള നവോത്ഥാനം ഒരു മാർക്സ്റ്റ് വീക്ഷണം*)

**കൽപ്പാത്തി സമരങ്ങളുടെ നാൾവഴികൾ**

1924 നവംബറിലെ രഥോത്സവകാലത്ത് കൽപ്പാത്തി അഗ്ര ഹാര വീഥിയിലൂടെ സഞ്ചരിക്കാൻ അനുവദിക്കണമെന്ന ആവശ്യ വുമായി ഈഴവ പ്രമാണിമാർ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് കത്തു കൊടുത്തു. അധികാരികൾ ദീർഘമായി ചർച്ച ചെയ്ത ശേഷം പൊതു ഇടങ്ങളിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യം അനു വദിച്ചു കൊണ്ടുള്ള മദ്രാസ് ഗവർണർ ജി.ഒ. നമ്പർ 2600 എൻ.എം. നമ്പർ 1009/1924 ഉത്തരവ് പുറപ്പെടുവിച്ചു. ഇതിൻ പ്രകാരം എൺപ തോളം ഈഴവ യുവാക്കൾ രഥോത്സവത്തിന്റെ ആദ്യദിവസമായ നവംബർ 13, 1924 ന് കൽപ്പാത്തിയിൽ എത്തിച്ചേർന്നു. തികച്ചും നിരായുധരായി വന്ന അവരെ വിശ്വനാഥസ്വാമി ക്ഷേത്ര പരിസ രത്തു വെച്ച് ബ്രാഹ്മണൻ വളഞ്ഞിട്ട് ആക്രമിച്ചു. ഈഴവ യുവാക്കൾ ക്ഷേത്രവും പരിസരവും അശുദ്ധമാക്കിയെന്നാരോപിച്ചായിരുന്നു ബ്രാഹ്മണരുടെ ആക്രമണം. അശുദ്ധിയുടെ പേരിൽ ഉത്സവവും നിർത്തി വെച്ചു. ബ്രാഹ്മണരുടെ ആക്രമണത്തിൽ തച്ചമൂച്ചിക്കൽ ടി കെ ചാമി (ഒ വി വിജയന്റെ മുത്തച്ഛൻ) ദാമോദരൻ, എം ആർ പത്മ നാഭൻ തുടങ്ങിയവർക്കു പരിക്കേറ്റു. സംഘർഷാവസ്ഥ നില നിൽക്കുന്ന സാഹചര്യം ഉണ്ടായതിനാൽ ഈഴവർ കൽപ്പാത്തി ഗ്രാമ ത്തിൽ പ്രവേശിക്കാൻ പാടില്ല എന്ന നിരോധനാജ്ഞ ആനപ്പുറത്ത് വിളംബരം ചെയ്യപ്പെട്ടു. ജാതീയ വിവേചനത്തിനെതിരെ നടന്ന സമ രത്തെ കേവലം ഈഴവ ലഹളയായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും സവർണ സമുദായങ്ങളിലെ നിരവധി പേരുടെ പിന്തുണ ഈഴവ സമരത്തിന് ലഭിച്ചുവെന്നത് ജാതി അസ മത്വങ്ങൾക്കെതിരെയുള്ള പൊതുവികാരം വെളിപ്പെടുത്തുന്നതാണ്.

**മതപരിവർത്തന പ്രതിഷേധങ്ങൾ**

ഈഴവ സമുദായത്തിനകത്ത് കൽപ്പാത്തി സംഭവം ഒരു വേദ നിപ്പിക്കുന്ന പ്രശ്നമായി തുടർന്നു. കൽപ്പാത്തി സംഭവത്തിൽ പ്രതി ഷേധിച്ച് ചില ഈഴവയുവാക്കൾ മതം മാറി. ഹിന്ദു മതം ഉപേ

ക്ഷിച്ച് ക്രിസ്തുമതവും ഇസ്ലാം മതവും സ്വീകരിച്ചാൽ അഗ്രഹാര വീഥിയിൽ കയറാൻ കഴിയുമെന്നതായിരുന്നു അവരെ ഇത്തരത്തിൽ ചിന്തിപ്പിച്ചത്. ഒ.വി. വിജയന്റെ മുത്തച്ഛൻ ടി.കെ.ചാമി ക്രിസ്തുമതം സ്വീകരിച്ച് കെ.ടി.തോമസ്സായി. കെ.ടി.മാധവൻ കെ.ടി. ഫിലിപ്പായി. കിട്ട ജോൺ കിട്ടയായും മതപരിവർത്തനം ചെയ്തു. പാരമ്പര്യ ജന്മി കുടുംബാംഗമായ എരുമയൂർ വടക്കുമ്പ്രം മുത്തു ക്രിസ്തുമതം സ്വീകരിച്ച് ചാൾസ് ആയി മാറി. അദ്ദേഹത്തിന്റെ അനുജൻ മധുസൂദനൻ അലക്സാണ്ടർ ആയി മാറി. തച്ചമുച്ചിക്കൽ കേശവൻ എന്ന അലക്സാണ്ടർ പിന്നീട് മുഴുവൻ സമയ മിഷനറി പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞ്, കോഴിക്കോട് സ്ഥിര താമസമാക്കി. കേശവന്റെ അനുജൻ അപ്പുക്കുട്ടൻ വിൻസന്റായി. തേങ്കുറുശ്ശി ഇലമന്ദം ചാമിയുടെ അനുജൻ കേശവൻ ഇസ്ലാമതം സ്വീകരിച്ച് അബ്ദുൾ റസാഖായി. മുസ്ലിം സത്രീയെ വിവാഹം കഴിച്ചു. അങ്ങനെ 80ഓളം കുടുംബങ്ങൾ മതപരിവർത്തനം നടത്തി. അങ്ങനെ ഇത്തരത്തിൽ മതപരിവർത്തനങ്ങൾ വർദ്ധിച്ചു വരാൻ തുടങ്ങിയപ്പോൾ സഹോദരൻ അയ്യപ്പനെപോലുള്ളവർ പ്രശ്നത്തിലിടപെടുകയും മതപരിവർത്തനം ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തു.

**മററ് മതസംഘടനകളുടെ ഇടപെടലുകൾ**

മതം മാറുന്നവരെ തങ്ങളുടെ മതത്തിലേക്ക് ആകർഷിക്കാൻ ക്രിസ്ത്യൻ, മുസ്ലീം മത സംഘടനകൾ ശ്രമിച്ചു കൊണ്ടിരുന്നു. റാന്തർ തബ്ലീഗ് എ ഇസ്ലാം 11/11/1925 ൽ പുറത്തിറക്കിയ ഒരു മുന്നറിയിപ്പ് ഇപ്രകാരമായിരുന്നു. '*പാലക്കാടിൽ ആര്യസമാജം, ബ്രഹ്മസമാജം, ക്രിസ്തുമതം, ഇസ്ലാം മതം മുതലായ പലമതക്കാരും അവരുടെ മതത്തെ പ്രബലീകരിക്കാൻ കഠിനയത്നം ചെയ്തു വരുന്നതായി കാണുന്നു. ഏതു മതമാണ് നന്മയ്ക്കും യശസ്സിനും ഉന്നതിക്കും കാരണഭൂതമായതെന്ന് അറിയാതെയും ഓരോ മതക്കാരുടെ ഉപദേശ പ്രാബല്യത കൊണ്ടും ജനങ്ങളുടെ മനസ്സ് ചാപല്യഭരിതങ്ങളായി അവർ സ്വസ്ഥരല്ലാതെയും ഭവിച്ചിരിക്കുന്നു. ഗ്രാമ പ്രവേശ സിദ്ധ്യർത്ഥം ചില ഈഴവർ ആര്യസമാജത്തിൽ ചേരുകയും കൽപ്പാത്തി ഗ്രാമത്തിൽക്കൂടി സഞ്ചരിക്കുകയും ചെയ്തതിൽ ബ്രാഹ്മണരും ഈഴവരും തമ്മിൽ ലഹള കലശലായി. ചിലർ മുറിവേറ്റ് ആശുപത്രിയിൽ ഇപ്പോഴും കിടക്കുന്നുണ്ട്. ആര്യസമാജക്കാരായാലും വേണ്ടില്ല ഈഴവരെ ബ്രാഹ്മണർ അവരുടെ ഗ്രാമത്തിൽ കടക്കാൻ അനുവദിക്കുകയില്ലെന്നാണ് കാണുന്നത്. പിന്നെ ആര്യസമാജത്തിൽ ചേർന്നിട്ടും ഫലമില്ല. നമ്മുടെ ഈഴവ സഹോദരൻമാർക്ക് മതഗുണദോഷചിന്തനം അത്ര കാര്യമല്ല, മതം മാറ്റത്താൽ*

*ഗ്രാമപ്രവേശനം സാധ്യമാവണമെന്ന് മാത്രമേ ഉള്ളൂ. ക്രിസ്ത്യാനികൾക്കൊ, മുസൽമാൻമാർക്കോ അവരുടെ മതങ്ങളിൽ വരുന്ന ഏതു ജാതിക്കാർക്കോ ആവട്ടെ ഏതു ഗ്രാമത്തിലും പ്രവേശിക്കുന്നതിൽ യാതൊരു തടസ്സവും നേരിടുന്നതല്ലെന്നുള്ളതു തീർച്ച തന്നെ. എല്ലാ മതങ്ങൾക്കും ഈ സ്വാതന്ത്ര്യമുണ്ടെന്ന് തോന്നുന്നില്ല. ഈഴവ സഹോദരൻമാർ തിടുക്കപ്പെട്ട് ആര്യസമാജത്തിൽ ചേരുന്നത് അബദ്ധമായിട്ടാണ് ഗ്രഹിപ്പാൻ ഇട വരുന്നത്. ഏതു മതത്തിൽ ചേരുന്നതായാലും ദീർഘാലോചന ആവശ്യമായി വരുന്നു'.*

**ആര്യസമാജവും കൽപ്പാത്തി സമരവും**

ആര്യസമാജം ഈ പ്രശ്നത്തിൽ ഇടപെടാൻ തീരുമാനിച്ചു. അതിനായി അവർ കൽപ്പാത്തി അഗ്രഹാരത്തിനടുത്ത് ഒരു ബുക്സ്റ്റാൾ തുടങ്ങി. പുസ്തക വില്പനയേക്കാളുപരി ആര്യസമാജത്തിന്റെ സ്ഥിര സാന്നിധ്യം അവിടെ ഉറപ്പിക്കാനായിരുന്നു ഇത്. 1921ലെ മലബാർ കലാപത്തിനുശേഷം ആര്യസമാജത്തിന്റെ പ്രവർത്തനം വളരെ സജീവമായിരുന്നു. മലബാർ കലാപത്തിനോടനുബന്ധിച്ച് നിർബന്ധിത മതപരിവർത്തനം നടത്തിയ 1800 ഹിന്ദുക്കളെ സ്വമതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ ആര്യസമാജത്തിന് കഴിഞ്ഞിരുന്നു. മലബാറിലെ ആര്യസമാജം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് "വേദബന്ധു" ആയിരുന്നു. വെങ്കടാചലയ്യർ എന്ന പൂർവനാമം ഉപേക്ഷിച്ചാണ് അദ്ദേഹം വേദബന്ധുവെന്ന പേര് സ്വീകരിച്ചത്. പാലക്കാട് ടൗൺ പോലീസ് 31/10/25ന് ഐ പി സി 32 എഫ് ഐ ആറിൽ പറയുന്നത് ആര്യസമാജം നേതാവായ വേദബന്ധുവിന്റെ നേതൃത്വത്തിൽ 12 ആര്യസമാജക്കാർ കൽപ്പാത്തി അഗ്രഹാരത്തിൽ പ്രവേശിക്കുന്നതിനായിപ്പോയി. പി സി ഗോപാലൻ, എം വി ദാമോദരൻ, ടി പി ദാമോദരൻ, എൻ റ്റി തിത്തേലൻ, എൻ പി കേശവവിള്ള മുതലായവർ ഈ സംഘത്തിൽ ഉണ്ടായിരുന്നു. ഈ സംഘം അഗ്രഹാരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് എത്തിയപ്പോൾ ഇരുനൂറോളം വരുന്ന ബ്രാഹ്മണർ അവരെ തടയുകയും തല്ലുകയും ചെയ്തു. ഈ സംഭവത്തിൽ പി സി ഗോപാലന് പരിക്കേറ്റു. കഠാരയുൾപ്പെടെയുള്ള ആയുധങ്ങൾ ആര്യസമാജക്കാർ കരുതിയിരുന്നു. വേദബന്ധു ഒരു ബ്രാഹ്മണന്റെ കൈയ്യിൽ നിന്നും വടി പിടിച്ചു വാങ്ങി അടുത്ത് വന്നവരെയെല്ലാം പ്രഹരിച്ചു. ഈ സംഭവത്തിൽ പരിക്കേറ്റ സുബ്ബരായൻ പട്ടരുടെ മകനായ സുന്ദരേശ്വര ശാസ്ത്രികൾ 31 ഒക്ടോബർ 1925 ൽ പാലക്കാട് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ നിന്നും വേദബന്ധുവിന്റെ കത്തികൊണ്ട് സുന്ദരേശ്വര ശാസ്ത്രികളുടെ മൂക്കിലും പുരികത്തിനും മുറിവേറ്റു

എന്ന് കാണുന്നു. കത്തി കൊണ്ട് കുത്തേറ്റ വിശ്വനാഥ അയ്യരെ ആശുപത്രിയിൽ കൊണ്ടുപോയി.

നവംബർ 12,1925 ൽ ആര്യസമാജ നേതാവായ പണ്ഡിറ്റ് റിഷിറാം പാലക്കാട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അയച്ച കത്തിന് വന്ന മറുപടി പ്രകാരം ആര്യസമാജക്കാർ കൽപ്പാത്തിയിൽ പ്രവേശിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ലെന്നും എന്നാൽ ആഗ്രഹാര നിവാസികളുടെ വിസമ്മതമുള്ളതിനാൽ ആര്യസമാജത്തിലേക്ക് മതം മാറിയവരേയും അവരവരുടെ യഥാർത്ഥ ജാതിയായി മാത്രമേ സർക്കാരിന് കാണാൻ കഴിയുകയുള്ളു എന്നും ഒരു കോടതി ഉത്തരവിലൂടെ ആര്യസമാജത്തിലേക്ക് മാറിയവർ തങ്ങൾ ഈഴവരും, പുലയരും, നായാടികളുമല്ല ആര്യസമാജക്കാർ ആണെന്ന് തെളിയിക്കും വരെ അത് തുടരും എന്നും വ്യക്തമാക്കി. ഇതു കൂടാതെ ഈഴവർ, തീയ്യർ, പാണർ, ചെറുമർ, പറയർ, നായാടികൾ, ആര്യസമാജത്തിലേക്ക് മതംമാറ്റം ചെയ്യപ്പെട്ടവർ എന്നീ വിഭാഗത്തിൽ നിന്നുള്ളവർ, കൽപ്പാത്തി രഥോത്സവം നടക്കുന്ന നവംബർ 13 മുതൽ 16 വരെ കൽപ്പാത്തി വിശ്വനാഥ ക്ഷേത്രം സ്ഥിതി ചെയ്യുന്നിടത്തും സമീപ പ്രദേശങ്ങളായ ഗോവിന്ദരാജപുരം, വൈദ്യനാഥപുരം മുതലായ ഇടങ്ങളിൽ പ്രവേശിക്കുന്നത് വിലക്കിക്കൊണ്ട് 11/1925 ലെ ഗവ. ഉത്തരവ് പ്രകാരം 144 പ്രഖ്യാപിക്കുകയും ചെയ്തു. പുരോഗമന ആശയങ്ങളിൽ ജാതി നിരപേക്ഷതയിലും ഉറച്ചു നിൽക്കുന്നവർ എന്നു കരുതുന്ന ബ്രിട്ടീഷ് സർക്കാരിന്റെ ഇരട്ടനയം വെളിവാക്കുന്നതായിരുന്നു ഈ ഉത്തരവ്.

മതം മാറുന്നവരുടെ എണ്ണം നാൾക്കുനാൾ വർധിച്ചു വന്നപ്പോൾ സഹോദരൻ അയ്യപ്പനെപ്പോലുള്ളവർ നേരിട്ട് പലരേയും പിന്തിരിപ്പിച്ചു. തുടർന്ന് മതം മാറിയ ആളുകൾ ജോൺ കിട്ടയുടെ നേതൃത്വത്തിൽ ഈഴവരെയെല്ലാം ചേർത്ത് വമ്പിച്ച പൊതുയോഗം സംഘടിപ്പിക്കുകും കൽപ്പാത്തി അഗ്രഹാര വീധിയിൽ പ്രവേശിക്കുകയും ചെയ്തു. ഇത് കണ്ട ബ്രാഹ്മണർക്ക് രോഷമുണ്ടായെങ്കിലും പ്രതികരിക്കാൻ കഴിഞ്ഞില്ല. പിന്നീട് ഏറെക്കാലം കഴിഞ്ഞാണ് പട്ടികജാതിക്കാർക്ക് കൽപ്പാത്തി അഗ്രഹാര വീഥികളിൽ പ്രവേശിക്കാനായത്.

വൈക്കം സത്യാഗ്രഹത്തിന് മുൻപ് തന്നെ ദേശീയ പ്രസ്ഥാനം രാഷ്ട്രീയ സ്വാതന്ത്ര്യം എന്ന ആവശ്യം മാത്രമാണ് മുന്നോട്ട് വെച്ചിരുന്നത്. 1920കൾക്ക് ശേഷം അമൂർത്തമായ രാഷ്ട്രീയ മുദ്രാവാക്യങ്ങൾക്ക് പകരം മൂർത്തമായ ഭൗതിക പ്രശ്നങ്ങൾക്ക് ദേശീയ സ്വാതന്ത്ര്യ സമരം പ്രാധാന്യം നൽകിത്തുടങ്ങി. ജാതീയ

മായ വിവേചനങ്ങൾക്കെതിരെയുള്ള സമരങ്ങൾ പതുക്കെ ദേശീയ പ്രസ്ഥാനത്തിൽ ഇടം പിടിക്കാൻ തുടങ്ങി. സ്വാതന്ത്ര്യ സങ്കൽപ്പത്തിന് സാമൂഹികവും, സാമ്പത്തികവുമായ ഉള്ളടക്കം വന്നു തുടങ്ങിയത് വൈക്കം, കൽപ്പാത്തി മുതലായ സമരങ്ങളിലൂടെയായിരുന്നു എന്നത് ശ്രദ്ധേയമാണ്.

**കൽപ്പാത്തി സമരങ്ങളുടെ പരാജയ കാരണങ്ങൾ**

മലബാറിലെ ജാതി വിരുദ്ധ സമരങ്ങൾക്ക് നാന്ദികുറിച്ചത് കൽപ്പാത്തി സമരങ്ങളായിരുന്നെങ്കിലും സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന വൈക്കം സത്യാഗ്രഹത്തിനും മറ്റും കിട്ടിയ ദേശീയ ശ്രദ്ധ കൽപ്പാത്തി സമരത്തിനുണ്ടായില്ല. ശ്രീനാരായണഗുരു, മഹാത്മാഗാന്ധി മുതലായ ഉന്നതശീർഷകരുടെ ആശീർവാദത്തോടെ നടന്ന ബഹുജനപ്രക്ഷോഭമായിരുന്നു വൈക്കം സത്യാഗ്രഹം. എന്നാൽ കൽപ്പാത്തി സമരത്തിലെ പങ്കാളിത്തം ഈഴവരിൽ മാത്രമായി ഒതുങ്ങി മാത്രമല്ല കൽപ്പാത്തി സമരത്തിന് സവർണജാതിയിൽപെട്ട നേതാക്കൾ താരതമ്യേന കുറവായിരുന്നു. ടി.എൻ. കൃഷ്ണസ്വാമിഅയ്യർ വൈക്കം സത്യാഗ്രഹത്തിൽ സജീവമായിരുന്നെങ്കിലും കൽപ്പാത്തി സമരത്തിൽ പങ്കെടുത്തില്ല എന്നതും ശ്രദ്ധേയമാണ്.തന്റെ ദളിത് അനുകൂല സമീപനം കൊണ്ട് അദ്ദേഹം അസ്പൃശ്യനായ ബ്രാഹ്മണൻ എന്നറിയപ്പെട്ടിരുന്നു. വൈക്കം സത്യാഗ്രഹ സമരത്തിന്റെ ആക്ഷൻ കമ്മറ്റിയിലെ അംഗമായിരുന്നു ടി ആർ കൃഷ്ണസ്വാമി അയ്യർ. വൈക്കം സത്യാഗ്രഹ പ്രചാരണ കേന്ദ്രമായി പാലക്കാട് ശബരി ആശ്രമം ആരംഭിച്ചത് അദ്ദേഹമായിരുന്നു. ഈ ആശ്രമം 'കേരളത്തിന്റെ സബർമതി' എന്നറിയപ്പെടുന്നു. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ സ്വജാതിയിൽ നിന്നും കൃഷ്ണയ്യർ കടുത്ത ജാതി പീഡനം നേരിട്ടിരുന്നു. ജാതിഭ്രഷ്ട് കൽപ്പിച്ച് നൽകി അദ്ദേഹത്തെ ബ്രാഹ്മണകുലത്തിൽ നിന്നും പുറത്താക്കിയത് അദ്ദേഹത്തിന്റെ ജാതി വിരുദ്ധ സമീപനം കൊണ്ടായിരുന്നു.

ജാതി വിവേചനങ്ങളും അസമത്വങ്ങളും നിറഞ്ഞു നിന്ന അന്ധവിശ്വാസ ജടിലമായ ഒരു സമൂഹത്തെ സാംസ്കാരിക പുരോഗതിയുടെ പുത്തൻ വെളിച്ചത്തിലേക്ക് എത്തിക്കുന്നതിൽ കൽപ്പാത്തിയിലെ വിപ്ലവകാരികൾ വഹിച്ച പങ്ക് അതുല്യമാണ്, സഞ്ചാര സ്വാതന്ത്ര്യത്തിനും സാമൂഹ്യനീതിക്കും വേണ്ടി സ്വമത വിശ്വാസത്തെ ത്യജിക്കാൻ അവർ കാണിച്ച ആർജവം നവോത്ഥാന കേരള ചരിത്രത്തിൽ അദ്വിതീയം തന്നെയാണ്.

**ഗ്രന്ഥ സൂചിക**


B, J. (2019). *Nooru Simhasanangal.* Kottayam: DC Books.

Boban, M. (2016). Nagaram Pinnitta Naalvazhikal. In P. M. Secratary, *Souvanier.* Palakkad: Palakkad Muncipality.

Calicut, R. A. (2025). *Kalpathi files.* Calicut: Regional Archives.

EK, C. (2024). *Palakkadinte Sammoohya Charithram in Nadunarthiya.* Palakkad: Rose Publication.

Kannadi, R. (2024, March 03). interview. (S. KS, Interviewer)

KS, R. (2024, August 6). Kshetra praveshana vilambharam punar vazhikkapedumbol. *Matrubhumi Sunday Suppliment*, p. 3.

Leji, K. (2024). *Naadunarthiya Palakkadan Poralikal.* Palakkad: Rose Publication.

Mattumantha, B. (2024, March 20). interveiw. (S. KS, Interviewer)

P, G. (2023, August). *Kerala Navodhanam Oru Marxist Verkshanam.* Thiruvanathapuram: Chinta Publishers.

P, K. (1988). *Ethirppu.* Thiruvanathapuram: Prabhath Book House.

VS, V. (2024, March 03). interview. (S. KS, Interviewer)



**Suja KS**

Associate Professor

Department of History

NMSM Government College Kalpetta

Puzhamudi PO

Pin: 673122

India

Email: kssuja882@gmail.com

Ph: +91 8606177061

ORCiD: 0009-0003-0572-207X